"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ എസ്.എൻ.വി (സംസ്കൃത) ഹയർ സെക്കന്ററി സ്കൂളിലെ ലോവർ ഗ്രേഡ് സംസ്കൃതം ടീച്ചർ ശ്രീമതി.നിത്യ ബാബു ഫയൽ ചെയ്ത റിട്ട് ഹർജി നം.10849/2022-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 20/02/2023-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4835/2023/GEDN    തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:-

1. 12/01/2010 തീയതിലെ സ.ഉ.(അച്ചടി) നം. 10/2010/പൊ.വി.വ ഉത്തരവ്
2. 08/03/2019 തീയതിയിലെ ജെ2/57/2019 നമ്പർ സർക്കുലർ
3. 06/02/2021 തീയതിലെ സ.ഉ.(അച്ചടി) നം. 4/2021/പൊ.വി.വ ഉത്തരവ്
4. ശ്രീമതി.നിത്യ ബാബു സമർപ്പിച്ച 04/12/2022 തീയതിയിലെ റിവിഷൻ ഹർജി.
5. ശ്രീമതി.നിത്യ ബാബു ഫയൽ ചെയ്ത റിട്ട് ഹർജി നം.10849/2022 -ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 20/02/2023 -ലെ വിധിന്യായം.
6. 24/03/2023 തീയതിയിലെ സ.ഉ.(കൈ) നം. 29/2023/പൊ.വി.വ ഉത്തരവ്
7. ആലുവ ജില്ലാ വിദ്യാഭ്യാസ ഡയറക്ടറുടെ 23/05/2023-ലെ DEOALV/10620/2022-B4 നമ്പർ കത്ത്.
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/05/2023-ലെ DGE/ 5953/2022-EC4 നമ്പർ കത്ത് .
9. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/05/2023-ലെ ഡി.ഡി.ഇ ഇകെഎം/4892/2022-ബി3 നമ്പർ കത്ത് .

**ഉത്തരവ്**

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ എസ്.എൻ.വി (സംസ്കൃത) ഹയർ സെക്കന്ററി സ്കൂളിലെ ലോവർ ഗ്രേഡ് സംസ്കൃതം ടീച്ചർ ശ്രീമതി. നിത്യ ബാബു ഫയൽ ചെയ്ത റിട്ട് ഹർജി നം.10849/2022-ന്മേലുള്ള പരാമർശം (5) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായം ലഭിച്ച നാല് മാസത്തിനുള്ള ഹർജിക്കാരിയെയും അഞ്ചാം എതിർകക്ഷിയായ മാനേജറിനെയും

നേരിൽ കേട്ട് പരാമർശം (4) പ്രകാരമുള്ള Ext. P11 റിവിഷൻ ഹർജി തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2) ശ്രീമതി.അഞ്ജന.ഇ.എ യുടെ 01.08.2019 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിലേക്ക് ശ്രീമതി.നിത്യ ബാബുവിനെ മുൻകാല പ്രാബല്യത്തിൽ മാറ്റി നിയമിച്ച മാനേജരുടെ നടപടി അംഗീകരിക്കണം എന്നതാണ് Ext P11 ഹർജിയിലെ ആവശ്യം. ബഹു ഹൈക്കോടതിയുടെ വിധിന്യാത്തിലെ നിർദ്ദേശം പാലിക്കുന്നതിലേക്കായി ഹർജിക്കാരിയെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും 31/05/2023 തീയതിയിൽ നേരിൽ കേട്ടപ്പോൾ ഹർജി കക്ഷിയ്ക്കും മാനേജർക്കും വേണ്ടി ഹാജരായ പ്രതിനിധി ചുവടെ ചേർക്കുംപ്രകാരം അറിയിച്ചിരുന്നു.

എറണാകുളം ജില്ലാ നോർത്ത് പറവൂർ എസ്.എൻ.വി (സംസ്കൃതം) ഹയർ സെക്കന്ററി സ്കൂളിൽ ജൂൺ 2015-ൽ ജൂനിയർ സംസ്കൃത ടീച്ചറായ ശ്രീമതി.ബിനിത രാജ് പി.ആർ ന് എച്ച്.എസ്.എ സംസ്കൃതമായി സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി. നിത്യ ബാബുവിനെ 27/06/2019 മുതൽ ജൂനിയർ സംസ്കൃത ടീച്ചറായി നിയമിച്ചു. മേൽ ഒഴിവിൽ മറ്റൊരാളെ നിയമിച്ചിരിന്നുവെങ്കിലും സർക്കാർ സർവീസിൽ ജോലി ലഭിച്ചതുമൂലം 10.12.2018 ന് ടിയാരി വിടുതൽ വാങ്ങി പോയിട്ടുള്ളതാണ്. 01/06/2015-ൽ ശ്രീമതി.ബിനിത രാജ് പി.ആർ ന്റെ സ്ഥാനക്കയറ്റം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്. ടി സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി.നിത്യ ബാബുവിനെ നിയമിച്ചിട്ടുള്ളത്. മേൽ സ്ഥാനക്കയറ്റം നൽകിയട്ടുള്ളതിനാൽ ശ്രീമതി.നിത്യ ബാബുവിനെ നിയമിച്ചിട്ടുള്ള തസ്തിക അബോളിഷ് ചെയ്തിട്ടുള്ളതാണ്. പിന്നീട് ജൂനിയർ സംസ്കൃത ടീച്ചറായ ശ്രീമതി.ഇ.എ.അഞ്ജന ഹൈസ്കൂൾ സംസ്കൃത ടീച്ചറായി സ്ഥാനക്കയറ്റം നൽകി. ടി ഒഴിവിലേക്ക് ശ്രീമതി നിത്യ ബാബുവിനെ 01.08.2019 മുതൽ മാറ്റി നിയമിച്ച നിയമന ഉത്തരവിനു നിയമനാംഗീകാരം ലഭിച്ചില്ല. അതേ സമയം ശ്രീമതി ഇ.എ അഞ്ജനയുടെ ഹൈസ്കൂൾ ടീച്ചറായുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും ആയത് നിരസിച്ചു. മേൽ നിരസന ഉത്തരവുകൾക്കെതിരെയാണ് സർക്കാർ മുമ്പാകെ റിവിഷൻ സമർപ്പിച്ചിട്ടുള്ളത്.

രാജി, റിട്ടയർമെന്റ്, മരണം, പ്രൊമോഷൻ എന്നീ ഒഴിവുകളിൽ മാനേജർക്ക് നിയമനം നടത്തുവാൻ 28/02/2019-ലെ കെ.ഇ.ആർ ചട്ട ഭേദഗതി പ്രകാരം അനുവദിച്ചിട്ടുള്ളതാതാണെന്ന് പരാമർശം (2) സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 1602/2022 എന്ന റിട്ട് അപ്പീൽ വിധിയിൽ ഭിന്നശേഷിക്കാരെ നിയമിക്കുന്നതുവരെ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപകരുടെ നിയമനം പ്രൊവിഷണലായി അംഗീകരിച്ചു നൽകണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ മേൽ വിധിയുടെ അടിസ്ഥാനത്തിലും ശ്രീമതി.നിത്യ ബാബു എന്നവരുടെ നിയമനം

അംഗീകരിച്ചു നൽകണം.

3. വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കുംപ്രകാരം അറിയിച്ചിരിക്കുന്നു.

നോർത്ത് പറവൂർ എസ്.എൻ.വി (സംസ്കൃതം) ഹൈസ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) ശ്രീമതി. ബിനിതരാജ്.പി.ആർ -നു 01/06/2015 മുതൽ എച്ച്.എസ്.ടി (സംസ്കൃതം) ആയി സ്ഥാനക്കയറ്റം ലഭിച്ചത് മുഖേന സ്ഥാപിതമായ ഒഴിവിൽ മാനേജർ ശ്രീമതി നീതു.ടി.ബി-യെ നിയമിച്ചു. ശ്രീമതി നീതു. ടി.ബി 10.12.2018 -ൽ സർക്കാർ ജോലിയിൽ പ്രവേശിച്ചതു മുഖേന സംജാതമായ ഒഴിവിലാണ് മാനേജർ ശ്രീമതി.നിത്യ ബാബുവിനെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) തസ്തികയിൽ 27.06.2019 മുതൽ നിയമിച്ചിട്ടുള്ളത്. നോർത്ത് പറവൂർ എസ്.എൻ.വി (സംസ്കൃതം) ഹൈസ്കൂളിൽ 2019-2020 വർ ഷത്തിൽ 4 എൽ.ജി (സംസ്കൃതം) തസ്്തികയാണ് അനുവദിച്ചിരുന്നത്. 27.06.2019 തീയതിയിൽ നിയമനാർത്ഥി ഉൾ പ്പെടെ 5 എൽ.ജി (സംസ്കൃതം) അധ്യാപകർ ടി സ്കൂളിൽ ഉണ്ട്. ആയതിനാൽ ശ്രീമതി.നിത്യ ബാബുവിനെ ഉൾക്കൊള്ളുവാൻ നിയമന തീയതിയായ 27.06.2019-ൽ വ്യവസ്ഥാപിത ഒഴിവില്ല. സീനിയർ നിയമനാർത്ഥി ആയ ശ്രീമതി.നീതു ടി.ബി യുടെ നിയമനം അംഗീകരിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ശ്രീമതി.നീതു. ടി.ബി 10.12.2018 ൽ രാജി വെച്ച ഒഴിവിൽ ആണ് മാനേജർ ആദ്യം ശ്രീമതി.നിത്യ ബാബ്ുവിനെ 27.06.2019 മുതൽ നിയമിച്ചിരുന്നത്. എന്നാൽ ഒരു എൽ.ജി സംസ്കൃതം തസ്തിക നഷ്ടമാകുന്ന സാഹചര്യത്തിൽ ശ്രീമതി.നിത്യ ബാബുവിനെ മാനേജർ 01.08.2019 മുതൽ ശ്രീമതി.അഞ്ജന.ഇ.എ യുടെ സ്ഥാനക്കയറ്റ ഒഴിവിലേക്ക് മാറ്റി നിയമിച്ചു, നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത ശ്രീമതി.നിത്യ ബാബുവിന്റെ ലാവണം മുൻകാല പ്രാബല്യത്തിൽ ക്രമീകരിച്ച മാനേജരുടെ നടപടി ചട്ടപ്രകാരം സാധൂകരിക്കാൻ കഴിയില്ല എന്നതിനാൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ആയത് നിരസിച്ചു. നിയമനം നിരസിക്കാനിടയായ കാരണങ്ങൾക്കൊപ്പം 18.11.2018 തീയതിക്ക് ശേഷമുള്ള നിയമനം ആകയാൽ ടി നിയമനം അംഗീകരിക്കുന്നതിനു മാനേജർ ഭിന്നശേഷി സംവരണം പാലിക്കേണ്ടതുണ്ട്.

ടി സ്കൂൾ പുതിയതായി ആരംഭിച്ചതോ/ഉയർത്തപ്പെട്ടതോ അല്ല. മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ ആണ്. പരാമർശം (1) ഉത്തരവ് പ്രകാരം ടി സ്കൂളിലെ 16 നിയമനങ്ങൾ അഗീകരിച്ച് നല്കിയിട്ടുള്ളതാണ്. ഒരു സംരക്ഷിതാധ്യാപകനെ പോലും നിയമിച്ചിട്ടില്ല. പരാമർശം (3) പ്രകാരം 10 നിയമനങ്ങൾ അംഗീകരിച്ച് നൽകുന്നതിന് മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും 8 നിയമനങ്ങൾ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. അഞ്ജന ഇ.എ യുടെ സ്ഥാനകയറ്റ നിയമനം 01-08-2019 മുതൽ അംഗീകരിച്ചതിനാൽ ഒഴിവ് സ്ഥാപിതമാണ്. ആയതിനാൽ ടിയാരി ശമ്പള രഹിത അവധികഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച 16-08-

2019 മുതലുള്ള നിയമനം (പുതിയ നിയമനം എന്ന നിലയിൽ) പരിഗണിക്കാവുന്നതാണ്. പരാമർശം (1) ഉത്തരവ് പ്രകാരം ബോണ്ട് സമർപ്പിച്ചും ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിലും അധിക തസ്തികയിൽ 1 6 നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ ഒരു സംരക്ഷിത അധ്യാപകനെ പോലും മാനേജർ നിയമിച്ചിട്ടില്ല. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് എതിരായി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സ്പെഷ്യൽ ലീവ് പെറ്റീഷന്റെ അന്തിമ വിധിക്കനുസൃതമായി സംരക്ഷിത അധ്യാപകരെ നിയമിക്കാൻ മാനേജർ ബാധ്യസ്ഥനാണ്. ശ്രീമതി.നിത്യ ബാബുവിന്റെ സീനിയർ ശ്രീമതി ബിനിത രാജിന്റെ സ്ഥാനക്കയറ്റ നിയമനം 17.01.2018 തീയതി മുതൽ അംഗീകരിച്ചിട്ടുണ്ട്. ശ്രീമതി നീതു ടി ബി യുടെ നിയമനം 17.01.2018 തീയതി മുതൽ 09.12.2018 തീയതി വരെ അംഗീകരിച്ചിട്ടുണ്ട്. 22/07/2019 മുതൽ 15/08/2019 വരെ ശ്രീമതി.നിത്യ ബാബു മെഡിക്കൽ ഗ്രൗണ്ടിൽ ശമ്പള രഹിത അവധിയിൽ ആയിരുന്നു എന്ന് മാനേജർ അറിയിച്ചിട്ടുണ്ട്. നിയമനാംഗീകാരമില്ലാത്ത അദ്ധ്യാപികയ്ക്ക് (LWA) ലീവ് അനുവദിച്ച നടപടി ശരിയല്ല. എന്നാൽ ശ്രീമതി.ബിനിത രാജിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. ആയതിനാൽ ടിയാരി ശമ്പളരഹിത അവധിയ്ക്ക് ശേഷം ജോലിയിൽ പ്രവേശിച്ച തീയതിയായ 16.08.2019 തീയതി മുതലുള്ള എൽ ജി (സംസ്കൃതം) തസ്തികയിലെ നിയമനം ഭിന്നശേഷി സംവരണം പാലിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം പുന:പരിശോധിക്കാവ◌ുന്നതാണ്.

4) നേരിൽ കേട്ട വേളയിലെ വാദം, പരാമർശം 7 മുതൽ 9 വരെ പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ, നിലവിൽ പ്രാബല്യത്തിലുള്ള നിയമം, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി.നിത്യാ ബാബുവിനെ നിയമിക്കുന്നതിന് വ്യവസ്ഥാപിത ഒഴിവ് നിലവിൽ വന്നത് ശ്രീമതി.അഞ്ജന.ഇ.എ യുടെ സ്ഥാനക്കയറ്റ ഒഴിവിൽ (01.08.2019) ആണ്. ടി ഒഴിവിലേയ്ക്ക് ടിയാളെ മാറ്റി നിയമിച്ചെങ്കിലും ടിയാൾ സേവനത്തിൽ പ്രവേശിച്ചത് 16/08/2019 മുതൽ ആണ്. ശ്രീമതി.നീതു. ടി.ബി 10.12.2018 ൽ രാജി വെച്ച ഒഴിവിൽ ആണ് മാനേജർ ആദ്യം ശ്രീമതി.നിത്യ ബാബ◌ുവിനെ 27.06.2019 മുതൽ നിയമിച്ചിരുന്നത് എന്നാൽ ഒരു എൽ.ജി സംസ്കൃതം തസ്തിക നഷ്ടമാകുന്ന സാഹചര്യത്തിൽ ശ്രീമതി.നിത്യ ബാബുവിനെ മാനേജർ 01.08.2019 മുതൽ ശ്രീമതി.അഞ്ജന.ഇ.എ യുടെ 01.08.2019 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിലേക്ക് മാറ്റി നിയമിച്ചു. നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത ശ്രീമതി.നിത്യ ബാബുവിന്റെ ലാവണം മുൻകാല പ്രാബല്യത്തിൽ ക്രമീകരിച്ച മാനേജരുടെ നടപടി ചട്ടപ്രകാരം സാധൂകരിക്കാൻ കഴിയില്ല എന്നതിനാൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു. നിയമനം നിരസിക്കാനിടയായ കാരണങ്ങൾക്കൊപ്പം 18.11.2018 തീയതിക്ക് ശേഷമുള്ള നിയമനം ആകയാൽ ടി നിയമനം അംഗീകരിക്കുന്നതിനു മാനേജർ ഭിന്നശേഷി സംവരണം പാലിക്കേണ്ടതുണ്ട് എന്നതിനാലാണ് റിവിഷൻ ഹർജി നിരസിച്ചതെന്ന് കാണുന്നു.

5) 2019-2020 വർഷത്തിൽ ഒരു എൽ.ജി സംസ്കൃതം തസ്തിക നഷ്ടമാകുന്ന സാഹചര്യത്തിൽ ശ്രീമതി.നിത്യ ബാബുവിനെ 01.08.2019 മുതൽ ശ്രീമതി.അഞ്ജന.ഇ.എ യുടെ 01.08.2019 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിലേക്ക് മുൻകാല പ്രാബല്യത്തിൽ മാനേജർ മാറ്റി നിയമിച്ചിട്ടുണ്ട് ടി നിയമനം അംഗീകരിക്കണം എന്നതാണ് മാനേജരുടെ Ext P11 ഹർജിയിലെ ആവശ്യം. നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത ശ്രീമതി.നിത്യ ബാബുവിന്റെ ലാവണം മുൻകാല പ്രാബല്യത്തിൽ ക്രമീകരിച്ച മാനേജരുടെ നടപടി ചട്ടപ്രകാരമല്ല. ശ്രീമതി.അഞ്ജന.ഇ.എ യുടെ 01.08.2019 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിലെ ശ്രീമതി.നിത്യ ബാബുവിന്റെ നിയമനം പുതിയ നിയമനമായേ കണക്കാക്കാൻ സാധിയ്ക്കുകയുള്ളൂ. ശ്രീമതി.നിത്യ ബാബു 22.07.2019 മുതൽ 15.08.2019 വരെ മെഡിക്കൽ ഗ്രൗണ്ടിൽ അവധിയിൽ ആയിരുന്നതിനാൽ ശ്രീമതി. അഞ്ജന.ഇ.എ യുടെ 01.08.2019 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീമതി.നിത്യ ബാബു ജോലിയിൽ പ്രവേശിക്കുന്നത് 16.08.2019 -ൽ മാത്രമാണ്. ആകയാൽ ടിയാരിയുടെ നിയമനം 16.08.2019 മുതൽ ആരംഭിക്കുന്നതായേ കണക്കാക്കാനാകൂ. ടിയാളുടെ സീനിയർ ശ്രീമതി.ബിനിത രാജിന്റെ സ്ഥാനക്കയറ്റ നിയമനം 17.01.2018 തീയതി മുതൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും അപ്രകാരം വന്ന തസ്തിക അബോളിഷ് ചെയ്യുതിനാൽ ടി തീയതി മുതലുള്ള ശ്രീമതി.നിത്യ ബാബുവിന്റെ നിയമനം അംഗീകരിയ്ക്കാൻ കഴിയില്ല.

6) മേൽ സാഹചര്യത്തിൽ ശ്രീമതി. നിത്യബാബുവിന്റെ നിയമനം മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ ഭിന്നശേഷി സംവരണം പാലിയ്ക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നിയമനം സംബന്ധിച്ച നിലവിലെ മറ്റ് സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായി, ശ്രീമതി. അഞ്ജന.ഇ.എ-യ്ക്ക് ഹൈസ്കൂൾ സംസ്കൃതം അധ്യാപികയായി സ്ഥാനക്കയറ്റം നല്കിയത് മൂലം നിലവിൽ വന്ന വ്യസ്ഥാപിത ഒഴിവിലേയ്ക്ക് ടിയാളെ 01/08/2019 മുതൽ ജൂനിയർ സംസ്കൃത ടീച്ചർ തസ്തികയിൽ മാറ്റി നിയമിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാൾ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിച്ച തീയതിയായ 16.08.2019 തീയതി പ്രാബല്യത്തിൽ അംഗീകരിച്ച് നൽകുന്നതിന് ആലുവ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

7) മേൽപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (5) വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ

ശ്രീമതി. നിത്യ ബാബു, ലോവർ ഗ്രേഡ് സംസ്കൃതം ടീച്ചർ, എസ്.എൻ.വി. (സംസ്കൃതം) ഹയർ സെക്കന്ററി സ്കൂൾ, നോർത്ത് പറവൂർ, എറണാകുളം- 683513

മാനേജർ, എസ്.എൻ.വി. (സംസ്കൃതം) ഹയർ സെക്കന്ററി സ്കൂൾ, നോർത്ത് പറവൂർ, എറണാകുളം - 683513

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
Date: 24-08-2023 11:17:54
സെക്ഷൻ ഓഫീസർ